കൊടുക്കുവാൻ വേണ്ട എഗ്രിമെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. അതു കൺട്രാക്ടരുടെ തെറ്റാണെന്നു പ്രോഡ്യൂസ് ചെയ്യുവാൻ കഴിയുമോ? അങ്ങാടിയിൽനിന്നും വാങ്ങിയാണോ സപ്ലൈ ചെയ്യുന്നതു്. അതിൽ ഒരു കെട്ടു മറിഞ്ഞിരിക്കുന്നതു കണ്ട ഉടനെ അപ്പോൾതന്നെ അതു മാറിക്കൊടുത്തിട്ടുമുണ്ട്.

62. മിസ്റ്റർ പി. കെ. കൃഷ്ണൻ : (എ) ഈകൊല്ലം സ്കൂളുകളിൽ എല്ലാ അധഃകൃത കുട്ടികൾക്കും പാഠപുസ്തകങ്ങൾ അനുവദിച്ചിട്ടില്ലേ;

(ബി) ഇല്ലെങ്കിൽ ഏതെല്ലാം പാഠപുസ്തകങ്ങളാണ് അനുവദിക്കാത്തതു്;

(സി) അഞ്ചാംക്ലാസ്സു മുതൽ പത്താംക്ലാസ്സുവരെയുള്ള അധഃകൃതവിദ്യാർത്ഥികൾക്കു പാഠപുസ്തകങ്ങൾ കൂടാതെ സ്റ്റേഷനറി എന്തെല്ലാം എത്രവീതമാണ് അനുവദിച്ചിട്ടുള്ളതു്?

മിസ്റ്റർ ടി. കെ. നായർ : (എ) ഉവ്.

(ബി) ഉത്തരം ആവശ്യമില്ല.

*(സി) അനുബന്ധമായി ചേർത്തിരിക്കുന്ന ലിസ്റ്റ് നോക്കുക.

63. മിസ്റ്റർ പി. കെ. കൃഷ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെന്റ് സദയം മറുപടി പറയുമോ.—

(എ) കൊച്ചിൻ ഹാർബറിൽ ഉദ്യോഗം കിട്ടുന്നതിനു അധഃകൃതരിൽനിന്നു ആരെങ്കിലും കൊച്ചി ഗവൺമെന്റുവഴി ഹാർബർ അധികാരികളോടു ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രപേർ;

(സി) ഇവരിൽ ആർക്കെങ്കിലും ഉദ്യോഗം കൊടുത്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട്?

രാമവർമ്മതമ്പുരാൻ: (എ) ഉണ്ട്.

(ബി) മൂന്നുപേർ.

(സി) നിശ്ചയമില്ല.

(ഡി) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ പി. കെ. കൃഷ്ണൻ : ആവശ്യപ്പെട്ടിട്ടും ഉദ്യോഗം കിട്ടുന്നില്ലെങ്കിൽ പിന്നേയും അതിലേക്കു വേണ്ട നടപടികൾ സ്വീകരിക്കുവാൻ ഗവൺമെണ്ടിനു ദയവുണ്ടാകുമോ?

രാമവർമ്മതമ്പുരാൻ : അതിലേക്കു് ഒന്നുകൂടി എഴുതിയയയ്ക്കാം.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ : ഇതിനു വേണ്ടുന്ന യോഗ്യതകൾ എന്തൊക്കെയാണെന്നു് അറിഞ്ഞാൽ കൊള്ളാം.

രാമവർമ്മതമ്പുരാൻ : നോട്ടീസു വേണം.

മിസ്റ്റർ ഇസ്മായിൽഹാജി ഈസാസേട്ട : എത്രപേരാണ് ആകെ ആവശ്യപ്പെട്ടിട്ടുള്ളതു്?

രാമവർമ്മതമ്പുരാൻ : മൂന്നുപേർ.

മിസ്റ്റർ ഇസ്മായിൽഹാജി ഈസാസേട്ട : ഈ മൂന്നുപേരെ മാത്രമെ ആകെ എടുത്തിട്ടുള്ളൂ?

രാമവർമ്മതമ്പുരാൻ : എത്രപേരെ എടുത്തിട്ടുണ്ടെന്നു നിശ്ചയമില്ല.

IRRIGATION INSPECTOR—DUTIES AND RESPONSIBILITIES OF

64. മിസ്റ്റർ സി. കെ. നായർ: താഴെപറയുന്ന ചോദ്യത്തിനു ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

ഇരിഗേഷൻ ഇൻസ്പെക്ടരുടെ പ്രധാന ചുമതലകൾ എന്തെല്ലാം?

മിസ്റ്റർ എ. മാധവപ്പട്ട : ഇരിഗേഷൻ ഇൻസ്പെക്ടരുടെ പ്രധാനചുമതലകൾ താഴെ പറയുന്നവയാകുന്നു.

ഇറിട്ടീഷിലുള്ള കൃഷിക്കാരിൽനിന്നു പിരിയേണ്ടതായ "നീർവാരം" പിരിച്ചെടുക്കുക; (ബി) അതുസംബന്ധിച്ചുള്ള കണക്കുകളും റജിസ്റ്റർകളും സൂക്ഷിക്കുക; (സി) നീർവാരം

*See Appendix I

LIBRARY ARCHIVES Kerala Legislative Assembly